# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ
ഡോ.എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C - 05/2023

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

പ്രിയരെ, നമ്മുടെ ആത്മ-ശരീര-മനസ്സുകളെ ശുദ്ധീകരിക്കുന്ന വലിയനോമ്പ് നിങ്ങൾ ഭക്തിയോടെ അനുഷ്ഠിക്കുന്നു എന്ന് കരുതുന്നു. നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തിൽ പങ്കാളികളാകുവാനും അവന്റെ പെസഹായിൽ ഭാഗഭാക്കുകളാകാനും അവന്റെ ഉയിർപ്പുപെരുന്നാൾ ആനന്ദത്തോടെ ആഘോഷിക്കുവാനുമുള്ള ഒരുക്കത്തിന്റെ ദിനങ്ങളാണ് വലിയനോമ്പ് ദിനങ്ങൾ. ഈ ദിനങ്ങളിൽ നോമ്പിന്റെ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും വർജ്ജിക്കേണ്ടവ വർജ്ജിക്കുകയും ദാനധർമ്മങ്ങൾ നടത്തുകയും ചെയ്യണമെന്ന് നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

പ്രിയരെ, 2022-2023 സാമ്പത്തികവർഷം 2023 മാർച്ച് 31-ാം തീയതിയോടെ അവസാനിക്കുകയാണല്ലോ? എല്ലാ ഇടവകകളിലും പുതിയ ഭരണസമിതി 2023 ഏപ്രിൽ 1 മുതൽ ചുമതല ഏൽക്കത്തക്കവിധം ഭരണഘടനാനുസൃതം ഇടവകപൊതുയോഗം കൂടി തെരഞ്ഞെടുപ്പ് നടത്തേണ്ടതും ആയതിന്റെ അംഗീകാരത്തിനായി പൊതുയോഗ മിനിറ്റ്സും ഇടവക വികാരിയുടെ ഒപ്പോടുകൂടിയ ലിസ്റ്റും നമ്മുടെ പേർക്ക് അയച്ചുതരേണ്ടതുമാണ്.

ഇടവകയ്ക്കും ഭദ്രാസനത്തിനും സഭാകേന്ദ്രത്തിനും നൽകേണ്ട വിഹിതങ്ങൾ 2023 മാർച്ച് 31-ാം തീയതിക്കു മുമ്പായി അടച്ചുതീർക്കണമെന്ന് നിങ്ങളെ അറിയിക്കുന്നു. ടാക്സ് ഡിപ്പാർട്ടുമെന്റുകളുടെ നിർദ്ദേശവും സഭാകേന്ദ്രത്തിന്റെ നിർദ്ദേശവും പരിഗണിച്ച് ഇടവകകളുടെ പൊതുയോഗം അംഗീകരിച്ച ബഡ്ജറ്റ് ഏപ്രിൽ 30-ാം തീയതിയോടുകൂടിയും 2022-2023ലെ ഇടവക പൊതുയോഗം പാസ്സാക്കിയ വരവുചിലവു കണക്കുകൾ 2023 മെയ് 15-ാം തീയതിക്കു മുമ്പായും നമ്മുടെ ഭദ്രാസന ഓഫീസിൽ എത്തിക്കേണ്ടതാണ്. കഴിഞ്ഞ വർഷങ്ങളിലേതുപോലെ വരവുചിലവുകണക്കുകൾ പാസ്സാക്കുന്നതിന് കാലതാമസം നേരിടുവാൻ പാടുള്ളതല്ല. വികാരിമാരും കൈസ്ഥാനികളും ഭരണസമിതി അംഗങ്ങളും ഇക്കാര്യം ഗൗരവമായി കാണണമെന്ന് അറിയിക്കുന്നു.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2023 മാർച്ച് മാസം 06-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും